## 3. വകുപ്പിൻെറ ഘടന

വകുപ്പ് അദ്ധ്യക്ഷനായ ഡയറക്ടറെ ഭരണ കാര്യങ്ങളിൽ സഹായിക്കുന്നതിന് ഒരു പേഴ്സണൽ അസിസ്റ്റൻറായിരുന്നു തുടക്കത്തിൽ. ഡയറക്ടറുടേയും, പേഴ്സണൽ അസിസ്റ്റൻറി ൻേറയും ഭരണപരവും, ധനപരവുമായ അധികാരങ്ങൾ പ്രത്യേക സർക്കാർ ഉത്തരവ് പ്രകാരം നിശ്ചയിക്കപ്പെട്ടു. പേഴ്സണൽ അസിസ്റ്റൻറ് എന്ന തസ്തിക പിന്നീട് അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റൻറ് ആയി ഉയർത്തി. ഒരു സീനിയർ സൂപ്രണ്ടും, ധനകാര്യങ്ങളിൽ ഉപദേശിക്കുന്നതിന് ഒരു ഫിനാൻഷ്യൽ ഓഫീസർ, ദൈനംദിനമുള്ള വരവ് ചെലവ് പരിശോധിക്കുന്നതിനായി ഒരു സീനിയർ സൂപ്രണ്ട് (ആഡിറ്റ്) ഉണ്ട്. ബോട്ടുകളുടെ റിപ്പയർ പണികൾക്ക് നേതൃത്വം നൽകുന്നത് ഡോക്ക് ആൻറ് റിപ്പയർ വിഭാഗത്തിൻെറ തലവനായ മെക്കാനിക്കൽ എൻജിനീയറാണ്. അദ്ദേഹത്തെ സഹായിക്കാൻ ഒരു വർക്സ് മാനേജരുണ്ട്. അസിസ്റ്റൻറ് വർക്സ് മാനേജർ എറണാകുളം മേഖലയിലെ ബോട്ടുകളുടെ റിപ്പയർ പണികൾ നടക്കുന്ന തേവര ബോട്ട് ബിൽഡിംഗ് യാർഡിൻെറ ചുമതല വഹിക്കുന്നു.

ബോട്ട് സർവ്വീസുകളുടെ നിയന്ത്രണം ട്രാഫിക് സൂപ്രണ്ട്മാരുടെ ചുമതലയിലാണ്. ഡയറക്ട റേറ്റിലും, എറണാകുളം മേഖലയിലുമായി രണ്ട് ട്രാഫിക് സൂപ്രണ്ട്മാരുണ്ട്. ആലപ്പുഴ, കോട്ടയം, ചങ്ങനാശ്ശേരി, മുഹമ്മ, കാവാലം, പുളിങ്കുന്ന്, നെടുമുടി, എടത്വാ, കൊല്ലം എന്നീ സ്റ്റേഷൻ ഓഫീസുകളുമായി ബന്ധപ്പെടുത്തി നടത്തുന്ന സർവ്വീസുകളുടെ നിയന്ത്രണ ചുമതല ആലപ്പുഴ മേഖലയിലെ ട്രാഫിക് സൂപ്രണ്ടും, എറണാകുളം, വൈക്കം, പാണാവള്ളി, പയ്യന്നൂർ, പറശ്ശിനിക്കടവ് എന്നീ സ്റ്റേഷൻ ഓഫീസുകളുമായി ബന്ധപ്പെടുത്തി നടത്തി വരുന്ന സർവ്വീസുകളുടെ ചുമതല എറണാകുളം മേഖലാ ട്രാഫിക് സൂപ്രണ്ടും നിർവ്വഹിച്ചുവരുന്നു. ഈ വകുപ്പിൻെറ പയ്യന്നൂർ, എറണാകുളം, ചങ്ങനാശ്ശേരി മേഖലാ ഓഫീസിൻെറ ഭരണ കാര്യങ്ങൾ സീനിയർ സൂപ്രണ്ട്മാർ നിർവ്വഹിക്കുന്നു. കൂടാതെ കൊല്ലത്ത് ജൂനിയർ സൂപ്രണ്ടിൻെറ മേൽനോട്ടത്തിൽ ഒരു ബില്ലിംഗ് സെക്ഷനും ഉണ്ട്.